(ഇ) എയിഡഡ് പ്രൈമറി അദ്ധ്യാപകർക്ക വേണ്ടി ഇനി എന്തെല്ലാം ആനുകൂല്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നു;

(എഫ്) ഗവണ്മെൻറ് പ്രൈമറി അദ്ധ്യാപകരുടേതിനു തുല്യമായ അലവൻസ് പ്രൈവറ്റ് അദ്ധ്യാപകർക്കും കൊടുക്കുമോ; എങ്കിൽ എന്നു മുതൽ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) എയിഡഡ് പ്രൈമറിസ്കൂൾ അദ്ധ്യാപകർക്ക് 1-4-55 മുതൽ 30 രൂപയിൽ നിന്നും 35 രൂപയായും ഹെഡ്മാസ്റ്റർമാർക്ക് 35 രൂപയിൽനിന്നും 40 രൂപയായും ഗ്രാൻറ് വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) ഭൂരിപക്ഷം അദ്ധ്യാപകർക്കും വർദ്ധിപ്പിച്ച റേറന്നു സരിച്ചുള്ള തുക ലഭിക്കുന്നുണ്ട്.

(സി) ഉണ്ട്. നെയ്യാറ്റിൻകര ഡിസ്ട്രിക്ടിലെ അദ്ധ്യാപകർക്ക് വർദ്ധിപ്പിച്ച റേറന്നുസരിച്ചുള്ള ഗ്രാൻറ് കിട്ടിയിട്ടില്ലെന്നു നെയ്യാറ്റിൻകര യൂണിയൻ പ്രൈവറ്റ് പ്രൈമറിസ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻറെ ഒരു ലറ്റർ ലഭിച്ചിട്ടുണ്ട്.

(ഡി) വർദ്ധിപ്പിച്ച റേറന്നുസരിച്ചുള്ള ഗ്രാൻറ് കൊടുക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഇ, എഫ്) ഈ കാര്യം ഗവണ്മെൻറിൻറെ ആലോചനയിലിരിക്കുന്നു.

കോൺസ്റ്റേബിൾ കണ്ടക്ടറന്മാരുടെ പരീക്ഷായോഗ്യത.

* 36. [40] ശ്രീ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) സ്റ്റേറ്റ് ട്രാൻസ്പോർട്ട് വകുപ്പിൽ കണ്ടക്ടറന്മാരായി നിയമിക്കപ്പെടുന്നവർക്ക് നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ പരീക്ഷായോഗ്യത എന്തു;

(ബി) ഈ യോഗ്യതയില്ലാത്ത എത്രപേർ ഇന്നു ഈ ഡിപ്പാർട്ടുമെൻറിൽ കണ്ടക്ടർമാരായുണ്ട്; ഇവരിൽ നേരിട്ടു നിയമിക്കപ്പെട്ടവർ എത്ര; പ്രമോഷൻമുഖേന കണ്ടക്ടരായവരെത്ര;

(സി) നിർദ്ദിഷ്ട പരീക്ഷായോഗ്യതയില്ലാത്തവരെ നേരിട്ടു നിയമിക്കുവാനിടയാക്കിയ സാഹചര്യമെന്തു; അവരിൽ ഓരോരുത്തരുടേയും സ്വദേശം, നിയമിച്ച തീയതി ഇവ വെളിപ്പെടുത്താമോ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഇ. എസ്. എൽ. സി. യോ, എസ്. എസ്. എൽ. സി. യോ പരീക്ഷയിൽ ചേർന്നിരിക്കണം.

(ബി) ആറ്.

ആറ്.

ആരും ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) കൊല്ലം–ആലപ്പുഴ ലൈൻ ഗവണ്മെൻറ് എടുത്തുപ്പാറം അവിടത്തെ പ്രൈവറ്റ് ബസ്സുകാരെ ഏതാനും കണ്ടക്ടറന്മാരെക്കൂടി ഡിപ്പാർട്ട്മെൻറിലേയ്ക്ക് എടുക്കേണ്ടതായി വന്നു. വിവരങ്ങൾ താഴെ ചേർക്കുന്നു:—

	പേരു്.	സ്ഥലം.	നിയമിച്ച തീയതി
1.	സി. തോമസ്സ്	കാത്തിക്കപ്പള്ളി.	17—8—1949
2.	പി. ചന്ദ്രശേഖരൻ നായർ	ചമ്പക്കുളം	24—9—1949
3.	പി. കെ. ഭാസ്കരൻ	കരുനാഗപ്പള്ളി	20—8—1949
4.	കെ. കേശവപിള്ള	പള്ളിപ്പാട്	17—8—1949
5.	വി. ശ്രീധരൻപിള്ള	കരുനാഗപ്പള്ളി	17—8—1949
6.	ജി. ശ്രീധരൻപിള്ള	ഹരിപ്പാട്	20—8—1949

ഇൻഡോ–നോർവീജിയൻ പ്രോജക്ടു്.

* 37. [41] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീണ്ടകരയിൽ പ്രവർത്തനം നടത്തുന്ന ഇൻഡോ–നോർവീജിയൻ പ്രോജക്ടു് പ്രവർത്തനം ആരംഭിച്ചിട്ടു് എത്ര വർഷം ആയി:

(ബി) അവിടെ എത്ര മീൻപിടിത്തക്കാർക്കു് ഇതിനകം പരിശീലനം നൽകിയിട്ടുണ്ടു്;

(സി) പരിശീലനം കഴിഞ്ഞ മീൻപിടിത്തക്കാർക്കു് ഗവണ്മെൻറ്നിന്നു് യന്ത്രസജ്ജമായ ബോട്ടുകൾ നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഒരു ബോട്ടിനു് എന്തു വില വരും;

(ഇ) ഈ ബോട്ടുകളുടെ വിലയിൽ ഒരംശമെങ്കിലും നോർവീജിയൻ ഗവണ്മെൻറിൽ നിന്നു് ലഭിക്കാനിടയുണ്ടോ;

(എഫ്) പ്രസ്തുത പ്രോജക്ടിൽ ഇതുവരെ നോർവേ ഗവണ്മെൻറ് എന്തു സംഖ്യ മുടക്കിയിട്ടുണ്ടു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) രണ്ടു വർഷം.

(ബി) 15 പേരുടെ പരിശീലനം പൂർത്തിയായിട്ടുണ്ടു്. കൂടാതെ, ഇപ്പോൾ പത്തുപേർക്കു് പരിശീലനം നൽകുന്നുണ്ടു്.

(സി) ഉണ്ടു്. അതിനുള്ള വ്യവസ്ഥകളും തീരുമാനിച്ചു കഴിഞ്ഞിട്ടുണ്ടു്. നാലുപേർക്കു് ഇതിനകം പ്രാരംഭപരീക്ഷണത്തിനു് ബോട്ടുകൾ കൊടുത്തുകഴിഞ്ഞിട്ടുണ്ടു്.

(ഡി) 3120 രൂപ. ഏന്നാൽ ഇതിന്റെ പകുതി വില വച്ചാണു് പരിശീലനം കഴിഞ്ഞവർക്കു് കൊടുക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly